ബാദ്ധ്യതയായി കണക്കാക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർ 18-8-2003-ന് ടിയാന് നോട്ടീസ് നൽകിയിരുന്നു. തിരിമറി നടന്നതായി ആരോപിക്കപ്പെട്ടിട്ടുള്ള തുകയായ 19,205 രൂപ കഴിച്ചുള്ള ഡിസിആർജി നൽകുവാൻ മണ്ണാർക്കാട് എ. ഇ. ഒ. 10-3-2005-ൽ ട്രഷറി ഓഫീസർക്ക് ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 18-8-2003-ലെ നോട്ടീസിന് ശ്രീ. ചാമിയുടെ വിശദീകരണം കൂടി പരിഗണിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) 18-8-2003-ന് നൽകിയ നോട്ടീസിൻമേലുള്ള നടപടി അവശേഷിക്കുന്നുണ്ട്.

(ഡി) തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ട 19,205 രൂപ കഴിച്ചുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ ഇതിനകം ഉത്തരവായിട്ടുണ്ട്.

മഞ്ചേരി മണ്ഡലത്തിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

106 [2996] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട്, മഞ്ചേരി സബ് ജില്ലകളിൽപ്പെട്ട തോട്ടുപൊയിൽ, തവരാപറമ്പ്, വാവൂർ, പുത്താലം, തെഞ്ചേരി, കുഴിമണ്ണ സെക്കന്റ് സൗത്ത് എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഈ സ്കൂളുകൾ എന്നത്തേക്ക് അപ്ഗ്രേഡ് ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ, ബി, സി ആന്റ് ഡി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ നിർമ്മാണം

107 [2997] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെട്ടിടനിർമ്മാണത്തിനുള്ള പ്രാരംഭ ജോലികൾ ഏതുവരെയായെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നും വെളിപ്പെടുത്തുമോ;

(സി) കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച് ഏതെല്ലാം ഉത്തരവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിന് 2004-05 വർഷത്തെ ഐ. എച്ച്. ആർ. ഡി.-യുടെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്ന കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കെട്ടിടത്തിന്റെ ഡ്രോയിംഗ് സമർപ്പിച്ചു കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ, എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം, കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

യു. ജി. സി. റഗുലേഷന് വിപരീതമായി യു. ജി. സി. യോഗ്യത ഒഴിവാക്കിയ തീരുമാനം

108 [2998] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ യു. ജി. സി. സ്കീം കേരള സർവ്വകലാശാല ലൈബ്രറി ജീവനക്കാർക്ക് 1-1-1986 മുതൽ നടപ്പിലാക്കിയപ്പോൾ ഏത് തസ്തികകളിൽപ്പെട്ട ലൈബ്രറി ജീവനക്കാർക്കാണ് നിശ്ചിത യോഗ്യത ബാധകമാക്കാതെ ഇളവ് നൽകിയ യു. ജി. സി. ശമ്പളം നൽകിയത്; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഓർഡിനൻസിൽ യോഗ്യത ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) കേരള സർവ്വകലാശാലയിലെ 23-5-2005 വരെ ജോലിയുള്ള എല്ലാ നോൺ യു. ജി. സി. ലൈബ്രറി ജീവനക്കാർക്കും യു. ജി. സി. നിശ്ചയിച്ച യോഗ്യത ബാധകമാക്കേണ്ടതില്ല എന്ന് സർവ്വകലാശാല തീരുമാനിക്കുകയുണ്ടായോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly